# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2470.

06.12.2018 ൽ മറുപടിക്ക്

**2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.സി.ജോസഫ് :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം പാസ്സാക്കിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വ്യവസായവളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം സംജാതമായിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്.<br>2018 ഏപ്രിൽ മാസത്തിൽ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം നിലവിൽ വന്നതിനു ശേഷം സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡ് മുഖേന ക്ലിയറൻസ് ലഭിക്കുന്നതിനായി 861 കോടി രൂപ പദ്ധതി ചെലവ് കണക്കാക്കുന്ന 6 പദ്ധതികൾക്കായുള്ള അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഈ സാഹചര്യം പ്രയോജനപ്പെടുത്തി വ്യവസായങ്ങൾ ആരംഭിക്കുവാൻ സംരംഭകർ അപേക്ഷ നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | | |
| (സി) | പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ഫെസിലിറ്റേഷൻ സെൽ രൂപീകൃതമായിട്ടുണ്ടോ; ഇതിലൂടെ എന്തൊക്കെ സഹായങ്ങളാണ് വ്യവസായികൾക്ക് നൽകുന്നതെന്ന് അറിയിക്കുമോ; | (സി) | വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറം ഏകീകരിച്ചുകൊണ്ട് ഒരു ഏകീകൃത അപേക്ഷാ ഫോറം (Common Application Form – CAF) മുഖേന അനുമതികൾ കാലതാമസം ഇല്ലാതെ ഓൺലൈൻ സംവിധാനം (K-SWIFT) വഴി ലഭ്യമാക്കുന്നതാണ്. പ്രസ്തുത അപേക്ഷയിന്മേലുള്ള പരിശോധന സമയബന്ധിതമായി നടപ്പാക്കുന്നതിനായി Investment Promotion and Facilitation Cell (IPFC) സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും രൂപീകരിച്ചിട്ടുണ്ട്. അനുമതികൾ ആവശ്യമായ വിവിധ |

| | | | |
|---|---|---|---|
| | | | വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെട്ടതാണ് പ്രസ്തുത സെൽ.<br>ഏകജാലക ഓൺലൈൻ സംവിധാന (KSWIFT) സംബന്ധിച്ചുള്ള ട്രയൽ നടത്തിയതിൽ നിന്നും സമയപരിധിക്കുള്ളിൽ തന്നെ ആവശ്യമായ ലൈസൻസുകളും അനുമതികളും ലഭ്യമാകുമെന്ന് വിലയിരുത്തു-കയുണ്ടായി. ഏകജാലക ഓൺലൈൻ സംവിധാനമായ (KSWIFT) ന്റെ ഔദ്യോഗിക ലോഞ്ചിങ്ങ് 08.01.2019 ൽ നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. |
| (ഡി) | യുവ സംരംഭകർക്കുള്ള പ്രത്യേക പദ്ധതികൾ എന്തൊക്കെയാണ്; ആയത് പ്രയോജനപ്പെടുത്തുവാൻ യുവസംരംഭകർ മുന്നോട്ട് വരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | കെ.എസ്.ഐ.ഡി.സിയുടെ നേതൃത്വത്തിൽ എല്ലാ മേഖലയിൽ നിന്നുമുള്ള നൂതനവും വ്യാപാരയോഗ്യമായതുമായ യുവ സംരംഭങ്ങൾക്ക് 25 ലക്ഷം രൂപ, മൂലധനസഹായം നൽകി വരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധനസഹായമായി നൽകി വരുന്നത്. പ്രസ്തുത പദ്ധതിയിൽ ഇതുവരെ 85 യുവ സംരംഭങ്ങൾക്ക് മൂലധന സഹായം അനുവദിക്കുകയുണ്ടായി. ഇതു കൂടാതെ സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സിയുടെ വിവിധ ഇൻകുബേഷൻ സെന്ററുകളിൽ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി മൂന്ന് ഇൻകുബേഷൻ സെന്ററുകളാണ് പ്രവർത്തിക്കുന്നത്. 33 യുവ സംരംഭങ്ങൾ കെ.എസ്.ഐ.ഡി.സിയുടെ വിവിധ ഇൻകുബേഷൻ സെന്ററുകളിലായി ഇൻകുബേറ്റ് ചെയ്തിരിക്കുന്നു. പ്രസ്തുത സ്റ്റാർട്ട്-അപ്പ് സംരംഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായി ഇടവേളകളിൽ മാർഗ്ഗ നിർദ്ദേശ സെമിനാറുകളും ചർച്ചായോഗങ്ങളും നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | ഡി.ഐ.സി മുഖാന്തിരം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യവുമായ സംരംഭകത്വ സഹായ പദ്ധതി നടപ്പിലാക്കി വരുന്നു. പൊതുവിഭാഗ ത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപ ത്തിന്റെ 15 ശതമാനം സഹായമായി നൽകുന്നു (പരമാവധി 20 ലക്ഷം രൂപ).<br>യുവ സംരംഭകർക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20 ശതമാനം സാമ്പത്തിക സഹായം നൽകുന്നു. പരമാവധി 30 ലക്ഷം അനുവദിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ